**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2017** **12-09-2023 - ൽ മറുപടിയ്ക്ക്**

**പാറശാല ആട്ടുവളർത്തൽ കേന്ദ്രത്തിന്റെ ഉന്നമനത്തിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശാല ആട്ടുവളർത്തൽ കേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | പാറശ്ശാല സർക്കാർ ആട്ട വളർത്തൽ കേന്ദ്രം Centre of Excellence ആയി ഉയർത്തുന്ന നടപടികളുടെ ഭാഗമായി ഒന്നാം ഘട്ട പ്രവർത്തനമായി 700 ആട്ടുകളെ പരിപാലിക്കാവുന്ന ഷെഡ്ഡിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. നിലവിൽ ലഭ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷിയ്ക്ക് ആവശ്യമായ നിലമൊരുക്കി ജലസേചന സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. Centre of Excellence ആക്കുന്നതിന്റെ ഭാഗമായി ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു ടൈപ്പിസ്റ്റ്, ഏഴ് സ്ഥിരം തൊഴിലാളികളുടെ തസ്തിക എന്നിവ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ആട്ടിൻ കൂട്ടുകളും ആഫീസ് മന്ദിരവും നവീകരിച്ചിട്ടുണ്ട്. പുതുതായി വാങ്ങുന്ന ആട്ടുകൾക്കായി ഒരു ക്വാറന്റീൻ ഷെഡ് നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണ്; എത്ര തുക ആയതിലേയ്ക്കായി അനുവദിച്ചിട്ടുണ്ട് എന്നുള്ള വിവരം വിശദമാക്കാമോ; | (ബി) | 1. കെട്ടിടനിർമ്മാണത്തിനായി 1,61,27,144/- രൂപ ചെലവഴിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷിയ്ക്കായി 7,55,736/- രൂപ NLM ഫണ്ട് വഴി ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ഫ്ലോർ സ്പെയ്സ് നിറയ്ക്കുന്നതിനായി 192 ആട്ടുകളെക്കൂടി വാങ്ങുന്നതിനുവേണ്ടി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 37,80,000/- രൂപയുടെ റീട്ടെയിനിംഗ് വാളും, ഡ്രെയിനേജും പണിയാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഡംഗ് പിറ്റിന്റേയും, സ്ലറി ടാങ്കിന്റേയും നിർമ്മാണത്തിനായി 22,60,000/- രൂപയുടെ പണി പുരോഗമിച്ച് |

| | | | |
|---|---|---|---|
| | | | വരുകയാണ്. തീറ്റപ്പുൽ കൃഷിയ്ക്കായി 105 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>2. രണ്ടാം ഘട്ട പ്രവർത്തികളായ് ആട്ടുകൾക്കായുള്ള ഷെഡ്ഡിന്റെ സ്ലോറ്റഡ ഫ്ലോറിംഗ്, ഇലക്ട്രിഫിക്കേഷൻ, പെയിന്റിംഗ് പ്ലംബിംഗ്, മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.<br><br>3. കെട്ടിടം പണിയുന്നതിനായി 2.25 കോടി രൂപയും, തീറ്റപ്പുൽ കൃഷിയ്ക്കായി 10 ലക്ഷം രൂപയും, IT ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനു വേണ്ടി 15 ലക്ഷം രൂപയും, കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ആട്ടുകളെ വാങ്ങുന്നതിനു വേണ്ടി 70 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തലത്തിൽ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ